PRD

21631
30/11/19

"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - ഒറ്റതവണ മാത്രം ഉപഭോഗം ഉള്ള പ്ലാസ്റ്റിക് വസ്തുക്കൾ( ഒരു തവണ മാത്രം ഉപയോഗിച്ച ശേഷം കളയുന്നവ) 2020 ജനുവരി ഒന്ന് മുതൽ സംസ്ഥാനത്ത് പൂർണ്ണമായും നിരോധിച്ച് ഉത്തരവാകുന്നു.

==========================================================================

## പരിസ്ഥിതി (ബി) വകുപ്പ്

സ.ഉ.(കൈ)നം. 6/2019/പരി. തീയതി, തിരുവനന്തപുരം, 27.11.2019

---

പരാമർശം:- 1. 12.12.2018 ലെ സ.ഉ (സാധാ) നം.134/2018/പരി നമ്പർ ഉത്തരവ്.
2. Expert Technical Committee സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ട്.

## ഉത്തരവ്

സംസ്ഥാനത്ത് വർദ്ധിച്ച വരുന്ന പ്ലാസ്റ്റിക്ക് ഉപഭോഗം വിശിഷ്യ ഒറ്റ തവണ ഉപയോഗത്തിന് ശേഷം പുനഃചംക്രമണം പോലും അസാധ്യമാക്കി തോടുകളിലും, ചാലുകളിലും പുഴകളിലും വഴിവക്കുകളിലും മറ്റ് സ്ഥലങ്ങളിലും അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ, സ്റ്റോകൾ, പ്ലാസ്റ്റിക്ക് പേപ്പറുകൾ ഹോട്ടലുകളിലും മറ്റും ഭക്ഷണം പൊതിഞ്ഞു നൽകുന്ന ഷീറ്റുകൾ , കപ്പുകൾ , പ്ലേറ്റുകൾ തുടങ്ങിയവ ഒരു വലിയ പാരിസ്ഥിതിക ആരോഗ്യ പ്രശ്നമായി മാറിയിരിക്കുന്നു. ഈ ഭീഷണിയുടെ നിഴലിൽ രാജ്യത്തെ പല സംസ്ഥാനങ്ങളും ഇത്തരം പ്ലാസ്റ്റിക് വസ്തുക്കളുടെ മേൽ നിരോധനം ഏർപ്പെടുത്തുകയും കൂടാതെ കേന്ദ്ര സർക്കാരും ഇത്തരം പ്ലാസ്റ്റിക് വസ്തുക്കളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണെന്ന് അറിയിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരം പ്ലാസ്റ്റിക്ക് വസ്തുക്കൾ സംസ്ഥാനത്തും പൂർണ്ണമായും നിരോധിക്കാൻ സാധിക്കുമോ എന്ന കാര്യം സർക്കാർ പരിശോധിച്ചു. ഇതിനായി നിരോധിക്കേണ്ട പ്ലാസ്റ്റിക്ക് വസ്തുക്കളുടെ പട്ടിക തയ്യാറാക്കുവാനായി പരാമർശം (1) പ്രകാരം ഒരു Expert Technical Committee രൂപീകരിക്കുകയും ടി കമ്മിറ്റി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ടി കമ്മിറ്റിയുടെ റിപ്പോർട്ടിൽ ചില വസ്തുക്കൾ പൂർണ്ണമായും ചിലത് ഭാഗികമായും നിരോധിക്കേണ്ടതാണെന്ന് ശുപാർശ നൽകിയിരുന്നു. മഹാരാഷ്ട്രയിലും തമിഴ് നാട്ടിലും കൊണ്ടുവന്ന നിരോധനം മൂലം പ്ലാസ്റ്റിക്ക് ഉപഭോഗത്തിൽ ഏകദേശം 70% കുറവുണ്ടാവുകയും നിരോധനം പ്രത്യക്ഷത്തിൽ വിജയകരമാകുകയും ചെയ്തു എന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

2. സർക്കാർ ഈ കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാനത്തും അടിയന്തിരമായി ഇത്തരം നടപടികൾ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. 2020 ജനവരി ഒന്ന് മുതൽ കേരള സംസ്ഥാനത്ത് ചുവടെ പറയുന്ന ഒറ്റ തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കൾക്ക് നിരോധനം ഏർപ്പെടുത്തുന്നു. വ്യക്തികളോ, കമ്പനികളോ സ്ഥാപനങ്ങളോ, വ്യവസായമോ ചുവടെ പറയുന്ന ഒറ്റ തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മിക്കുകയോ , കൊണ്ടുപോകുകയോ, സൂക്ഷിക്കുകയോ , വിൽപ്പന നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

| Sl No | Product |
|---|---|
| 1. | പ്ലാസ്റ്റിക് ക്യാരി ബാഗ് (കനം നോക്കാതെ) |
| 2. | പ്ലാസ്റ്റിക് ഷീറ്റ്സ് (ടേബിളിൽ വിരിക്കാൻ ആയി ഉപയോഗിക്കുന്ന), ക്ലിംഗ് ഫിലിം |
| 3. | പ്ലേറ്റുകൾ, കപ്പുകൾ, തെർമോക്കോൾ, സ്റ്റൈറോഫോം ഉപയോഗിച്ചുണ്ടാക്കുന്ന അലങ്കാര വസ്തുക്കൾ |
| 4. | ഒറ്റ തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ, സ്റ്റിറർ |
| 5. | പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ കപ്പുകൾ, പ്ലേറ്റുകൾ, ബൗൾ, ക്യാരി ബാഗുകൾ |
| 6. | നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ളാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ് |
| 7. | പ്ലാസ്റ്റിക് വാട്ടർ പൗച്ചസ്, പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ |
| 8. | PET/PETE ബോട്ടിലുകൾ കുടിക്കാനുള്ളത് (300ml കപ്പാസിറ്റിക്ക് താഴെ ) |
| 9. | ഗാർബേജ് ബാഗ് (പ്ലാസ്റ്റിക്) |
| 10. | പി.വി.സി ഫ്ലക്സ് മെറ്റീരിയൽസ് |
| 11. | പ്ലാസ്റ്റിക് പാക്കറ്റ്സ് |

4. ചുവടെ പറയുന്ന ഒറ്റ തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളും പ്ലാസ്റ്റിക് വസ്തുക്കളും മേൽ നിരോധനത്തിൽ നിന്നും ഒഴിവാക്കുന്നു.

i)പ്ലാസ്റ്റിക് വ്യവസായത്തിൽ export ചെയ്യുന്നതിനായി നിർമ്മിച്ചിട്ടുള്ള പ്ലാസ്റ്റിക് വസ്തുക്കൾ.

ii)ആരോഗ്യ പരിപാലന രംഗത്ത് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ/ഉപകരണങ്ങൾ

iii) കമ്പോസ്റ്റബൾ പ്ലാസ്റ്റിക്കിൽ നിന്ന് നിർമ്മിച്ച പ്ലാസ്റ്റിക്ക് വസ്തുക്കൾ (Plastic Waste (Management and Handling) Rule 2016 ൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ" കമ്പോസ്റ്റബൾ പ്ലാസ്റ്റിക്ക് ഗണത്തിൽപ്പെടുന്ന Indian Standard IS or ISO 17088: 2008 ലേബൽ പതിപ്പിച്ചത്).

5. ജില്ലാ കളക്ടർമാർ , സബ് ഡിവിഷണൽ മജിസ്ട്രേറ്റ്മാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ, എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേയും സെക്രട്ടറിമാർ, Environmental Protection Act 1986 സെക്ഷൻ 19 പ്രകാരം കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ/സ്ഥാപനങ്ങൾ തുടങ്ങിയവർ ഈ നിർദ്ദേശങ്ങളുടെ പാലനം

കർശനമായി നിരീക്ഷിക്കേണ്ടതും ടി നിർദ്ദേശം ലംഘിക്കുന്ന സാഹചര്യത്തിൽ കർശനമായ നടപടി സ്വീകരിച്ച് നിയമപ്രകാരം ജ്യുഡീഷ്യൽ ഫോറങ്ങളിൽ പരാതി ഫയൽ ചെയ്ത് Environmental Protection Act 1986 പ്രകാരം നിയമ നടപടി സ്വീകരിക്കേണ്ടതുമാണ്.

6. ടി നിർദ്ദേശങ്ങൾ ലംഘിക്കുന്ന സാഹചര്യത്തിൽ ഈ കാര്യം അധികാര പരിധിയിലുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റിനേയോ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരെയോ അറിയിക്കേണ്ടതാണ്. ഈ ഉത്തരവിന് എതിരായി ഒറ്റതവണ മാത്രം ഉപഭോഗം ഉള്ള പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മിക്കുകയോ, വിൽപന നടത്തുകയോ, സൂക്ഷിക്കുകയോ, കൊണ്ടുപോവുകയോ ചെയ്യുകയാണെങ്കിൽ ആയത് കണ്ടുകെട്ടി അധികാര പരിധിയിലുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റിനെയോ മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരെയോ ഏൽപ്പിക്കുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

7. നിയമ ലംഘനം നടത്തുന്ന നിർമ്മാതാക്കൾ, മൊത്ത വിതരണക്കാർ, ചെറുകിട വിൽപ്പനക്കാർ, കടക്കാർ, വിൽക്കുന്നവർ എന്നിവർക്കെതിരെ 10,000/- രൂപ (പതിനായിരം രൂപ) പിഴ സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ ചുമത്തേണ്ടതാണ്. രണ്ടാമതുള്ള നിർദ്ദേശ ലംഘനത്തിന് 25,000/- രൂപയും (ഇരുപത്തയ്യായിരം രൂപ) അതിനു ശേഷം തുടർന്നുള്ള നിർദ്ദേശ ലംഘനത്തിന് 50,000/- രൂപയും (അമ്പതിനായിരം രൂപ) സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാർ, തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ചുമത്തേണ്ടതും തുടർന്ന് സ്ഥാപനത്തിന്റെ/നിർമ്മാണ പ്രവർത്തനാനുമതി റദ്ദാക്കേണ്ടതുമാണ്.

8. Extended Producers Responsibility Plan പ്രകാരം അവർ വിൽപന നടത്തുന്ന പ്ലാസ്റ്റിക്ക് കുപ്പികളും കവറുകളും ഇതര ഉല്പന്നങ്ങളും തിരികെ നൽകുന്നവർക്ക് നിശ്ചിത തുക നൽകി പ്രോത്സാഹിപ്പിക്കാൻ Kerala State Beverages Corporation, KERAFED, MILMA, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾ ബാധ്യസ്ഥരാണ്.

9. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 08.04.2016 ലെ Solid Waste Management Rules 11(i) പ്രകാരം പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ ഇന്റസ്ട്രിയൽ പാർക്കുകളിലെ 5% ഭൂമി മാലിന്യ സംസ്കരണം/പുനചംക്രമണത്തിനായിട്ട് മാറ്റി വയ്ക്കേണ്ടതാണ്. ഇത് കർശനമായി നടപ്പിലാക്കേണ്ടതും ആവശ്യാനുസരണം ഈ ഭൂമി നാമമാത്രമായ (nominal) വിലയ്ക്ക് നൽകേണ്ടതുമാണ്.

10. പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം bio degradable ബാഗുകൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകളെ വ്യവസായ വകുപ്പ് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

11. ഈ ഉത്തരവ് പരമാവധി ജനങ്ങളിലേക്കെത്തുവാൻ വേണ്ട നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**Dr. ആഷ തോമസ് ഐ.എ.എസ്**

അഡീഷണൽ ചീഫ് സെക്രട്ടറി

കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ മേധാവികൾക്കും

എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്ക്

ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം

സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഓ, എറണാകുളം

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596

രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി

മെമ്പർ സെക്രട്ടറി, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്

മെമ്പർ സെക്രട്ടറി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

CIPET( ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക്ക് ടെക്നോളജി), കൊച്ചി

Kerala Plastic Manufacturer's Association

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പകൾക്കും( അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിന്)

പൊതുഭരണ (SC) വകുപ്പിന്

കരുതൽ ഫയൽ/ഓഫീസ് കോപ്പി( Envt-B2/198/2018-Envt)

പകർപ്പ് :

മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവ സെക്രട്ടേറിയറ്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ